എൽ.പി

കൂട

കളികൾ

# പ്രവർത്തനം 2

# ഇല തൊട്ടു കളി



**കളിക്കാൻ രണ്ടു പേർ വേണം. കളി നിയന്ത്രിക്കാൻ ഒരു റഫറിയും.**

10 മീറ്റർ നീളമുള്ള നിരപ്പായ ഒരു സ്ഥലത്താണ് കളിക്കേണ്ടത്. ഏതാണ്ട് 10 മീറ്റർ അകലത്തിൽ തറയിൽ 2 ചെറിയ കുറ്റികൾ അടിക്കുക. ഈ രണ്ടു കുറ്റികളിലും എതെങ്കിലും ഒരു ചെടിയുടെ ഇലകളു ള്ള കമ്പ് ഒടിച്ച് കെട്ടിവക്കുക. രണ്ട് കുറ്റികളേയും യോജിപ്പിക്കുന്ന ഒരു വര വരയ്ക്കുകയോ ഒരു ചരട് കെട്ടുകയോ ചെയ്യണം. രണ്ടു കുറ്റികളേയും യോജി പ്പിക്കുന്ന വരയുടെ മദ്ധ്യബിന്ദു അളന്ന് അടയാള പ്പെടുത്തണം. ഒരേ നീളമുള്ള വളവ് ഇല്ലാത്ത രണ്ട് കമ്പ് മുറിച്ച് എടുക്കണം. കൊഴിഞ്ഞു വീണ കിടക്ക

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം







## എൽ.പി

**കൂട**

കളികൾ



# പ്രവർത്തനം 2

ന്ന കുറച്ച് ഇലകൾ (20–25 എണ്ണം മതിയാകും) ശേഖരിച്ച് വക്കുക. ഇപ്പോൾ കളിക്കാനുള്ള എല്ലാ തയ്യാറെടുപ്പുകളും ആയിക്കഴിഞ്ഞു.

കളിക്കുന്ന 2 പേരും ഓരോ കുറ്റിയുടെ അടുത്ത് നിൽക്കുക. കുറ്റികൾക്കിടയിലുള്ള വരയുടെ രണ്ട് വശങ്ങളിലായിട്ടു വേണം രണ്ടു പേരും നിൽക്കേണ്ടത്. രണ്ടു പേർക്കും ഒരേ നീളമുള്ള രണ്ട് കമ്പുകളിൽ ഓരോന്ന് നൽകുക. കളി നിയന്ത്രിക്കുന്ന ആൾ ഒന്ന് മുതൽ അഞ്ച് വരെയുള്ള അക്കങ്ങളിൽ ഒന്ന് ഉറക്കെ വിളിച്ചു പറയുന്നു. കേട്ട ഉടനെ രണ്ട് കുട്ടികളും അവർ നിൽക്കുന്ന കുറ്റിയിൽ നിന്നും ദൂരെയുള്ള കുറ്റിയുടെ അടുത്തേക്ക് ഓടണം. ഒന്ന് എന്നാണ് പറഞ്ഞതെങ്കിൽ നിൽക്കുന്ന കുറ്റിയിൽ നിന്നും ദൂരെയുള്ള കുറ്റിയിലെ ഇലയിൽ പോയി തൊട്ടാൽ മതി. രണ്ട് എന്നാണ് പറഞ്ഞതെങ്കിൽ ദൂരയുള്ള കുറ്റിയിലെ ഇലയിൽ തൊട്ടിട്ട് തിരിച്ച് വന്ന് ഇവിടത്തെ ഇലയിൽ തൊടണം. ആദ്യം ആരാണോ തൊടുന്നത് അവർക്ക് കയ്യിലുള്ള






അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



## എൽ.പി

**കൂട**

കളികൾ



# പ്രവർത്തനം 2

വടി കൊണ്ട് തന്റെ കുറ്റിയിൽ നിന്നും വരയിലൂടെ അളന്ന് അവിടെ ഒരില വക്കാം. ഒന്ന് എന്നാണ് പറഞ്ഞതെങ്കിൽ വടി കൊണ്ട് ഒരു പ്രാവശ്യം അളക്കാം. മൂന്ന് എന്നാണ് പറഞ്ഞതെങ്കിൽ വടി കൊണ്ട് മൂന്ന് പ്രാവശ്യം അളക്കാം. വീണ്ടും സംഖ്യ വിളിച്ചു പറയുക. ഇനി വടി കൊണ്ട് അളക്കേണ്ടത് ആദ്യം വച്ച ഇലയിൽ നിന്നാണ്. അവിടെ വീണ്ടും ഒരില വക്കാം. കളി തുടരുക. ആരാണോ അളന്ന് കുറ്റികളുടെ മദ്ധ്യബിന്ദു ആദ്യം കടക്കുന്നത് അവർ കളി ജയിക്കുന്നു.

*(വീട്ടിൽ ചേട്ടനുമായി കളിക്കുകയാണെങ്കിൽ ചേട്ടൻ ഒറ്റക്കാലിൽ ചാടിയും ചെറിയ കുട്ടി ഓടിയും കളിയിൽ പങ്കെടുക്കാം. അമ്മയും മകളുമായി കളിക്കുകയാണെങ്കിൽ അമ്മ നടക്കട്ടെ, മകൾ ഓടട്ടെ. ഇങ്ങനെ കളി നിയമങ്ങളിൽ മാറ്റമാകാം.)*






അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം